പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 76

# 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ

199/2007.

# 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ

കേരള സംസ്ഥാനത്തിലെ പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തിലെ പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതും യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തി എട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

## അദ്ധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപന പ്രകാരം, നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കമ്മീഷൻ" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ എന്നർത്ഥമാകുന്നു ;

(ബി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്ന് അർത്ഥമാകുന്നു ;

(സി) "അംഗം" എന്നാൽ കമ്മീഷനിലെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു ;

(ഡി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ഇ) "പട്ടികജാതികൾ " എന്നതിന് ഇൻഡ്യൻ ഭരണഘടനയിലെ 366-ാം അനുഛേദം (24)-ാം ഖണ്ഡത്തിൽ നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(എഫ്) "പട്ടികവർഗ്ഗങ്ങൾ" എന്നതിന് ഇൻഡ്യൻ ഭരണഘടനയിലെ 366-ാം അനുഛേദം (25)-ാം ഖണ്ഡത്തിൽ നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

## പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടിയുള്ള സംസ്ഥാന കമ്മീഷൻ

1. പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കമ്മീഷന്റെ രൂപീകരണം.—(1) സംസ്ഥാനസർക്കാർ ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം, കഴിയുന്നത്ര വേഗം, പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ എന്ന പേരിലറിയപ്പെടുന്ന ഒരു നികായം, ഈ ആക്റ്റിൻ കീഴിൽ അതിന് നല്കിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി, രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷനിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പട്ടികജാതികളും പട്ടിക ഗോത്രവർഗ്ഗങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ള ഒരു ചെയർപേഴ്സൺ ;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പട്ടികജാതികളും പട്ടികഗോത്ര വർഗ്ഗങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ള രണ്ട് അംഗങ്ങൾ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഗവണ്മെന്റ് സെക്രട്ടറി, എക്സ്-ഒഫീഷ്യോ—അദ്ദേഹം കമ്മീഷന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

4. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗകാലാവധിയും സേവന വ്യവസ്ഥകളും.—(1) ഓരോ അംഗവും, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) കമ്മീഷന്റെ ചെയർപേഴ്സനോ ഒരു അംഗത്തിനോ, ഏതു സമയത്തും, സർക്കാരിനെ അഭിസംബോധന ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി നൽകിക്കൊണ്ട്, രാജിവക്കാവുന്നതാണ്.

(3) സർക്കാർ, ചെയർപേഴ്സന്റേയോ ഒരംഗത്തിന്റേയോ ഔദ്യോഗിക സ്ഥാനത്തുനിന്നും ഒരാളെ, അയാൾ,—

(എ) ഒരു അവിമുക്തനിർദ്ധനൻ ആയിത്തീരുകയോ ; അല്ലെങ്കിൽ

(ബി) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും അധികാരമുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ; അല്ലെങ്കിൽ

(ഡി) ജോലി ചെയ്യാൻ വിസമ്മതിക്കുകയോ ജോലി ചെയ്യാൻ കഴിവില്ലാതായിത്തിരുകയോ; അല്ലെങ്കിൽ

(ഇ) കമ്മീഷനിൽ നിന്നും ഹാജരാകാതിരിക്കുന്നതിന് അനുവാദം വാങ്ങാതെ, കമ്മീഷന്റെ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ ഹാജരാകാതെയിരിക്കുകയോ ; അല്ലെങ്കിൽ

(എഫ്) ചെയർപേഴ്സനോ, അംഗമോ എന്ന നിലയിലുള്ള പദവി അയാൾ ഉദ്യോഗത്തിൽ തുടരുന്നത് പട്ടികജാതി-പട്ടികഗോത്ര വർഗ്ഗക്കാരുടെ താല്പര്യത്തിനോ പൊതു താല്പര്യത്തിനോ ഹാനികരമാകുന്ന വിധത്തിൽ ദുരുപയോഗപ്പെടുത്തി എന്ന് സർക്കാരിന് അഭിപ്രായമുള്ള പക്ഷമോ ;

നീക്കം ചെയ്യേണ്ടതാണ് :

എന്നാൽ, ഈ ഖണ്ഡത്തിൻ കീഴിൽ യാതൊരാളേയും, ഈ സംഗതിയിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ, നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

(4) (2)-ാം ഉപവകുപ്പുപ്രകാരമോ മറ്റ് വിധത്തിലോ ഉണ്ടായിട്ടുള്ള ഒരു ഒഴിവ് മൂന്നുമാസക്കാലയളവിനുള്ളിൽ, പുതിയ നാമനിർദ്ദേശം വഴി, നികത്തേണ്ടതാണ്.

(5) ചെയർപേഴ്സനും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കേണ്ടതാണ്.

5. <u>കമ്മീഷനിലെ ആഫീസ് ജീവനക്കാർ.</u>—(1) കമ്മീഷന്റെ ശരിയായ പ്രവർത്തനത്തിന് ആവശ്യമായേക്കാവുന്ന പ്രകാരമുള്ള, ആഫീസർമാരേയും ജീവനക്കാരേയും, സർക്കാർ കമ്മീഷന് നൽകേണ്ടതാണ്.

(2) കമ്മീഷന്റെ ആവശ്യത്തിലേക്കായി നിയമിച്ച ആഫീസർമാർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്നപ്രകാരം ആയിരിക്കുന്നതാണ്.

6. <u>ശമ്പളവും ബത്തകളും ഭരണനിർവ്വഹണ ചെലവുകളും ഗ്രാന്റിൽ നിന്നും നൽകേണ്ടതാണെന്ന്.</u>—ചെയർപേഴ്സനും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും, 5-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ആഫീസർമാർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണ നിർവ്വഹണ ചെലവുകളും, 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽ നിന്നും നൽകേണ്ടതാണ്.

7. ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികൾ അസാധുവാക്കുന്നതല്ലെന്ന്.—കമ്മീഷന്റെ യാതൊരു പ്രവൃത്തിയും അല്ലെങ്കിൽ നടപടികളും കമ്മിഷനിൽ ഏതെങ്കിലും ഒഴിവ് ഉണ്ടെന്നോ അഥവാ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനത ഉണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

8. കമ്മീഷന് നടപടിക്രമം നിയന്ത്രിക്കാമെന്ന്.—(1) ചെയർപേഴ്സന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള സമയത്തും സ്ഥലത്തും, ആവശ്യമുള്ളപ്പോഴെല്ലാം കമ്മീഷൻ യോഗം ചേരേണ്ടതാണ് :

എന്നാൽ, ചുരുങ്ങിയത് മൂന്ന് മാസത്തിലൊരിക്കൽ അത് യോഗം ചേരേണ്ടതാണ്.

(2) കമ്മീഷന് അതിന്റെ സ്വന്തം നടപടിക്രമം നിയന്ത്രിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(3) കമ്മീഷന്റെ എല്ലാ ഉത്തരവുകളിലും തീരുമാനങ്ങളിലും മെമ്പർ സെക്രട്ടറിയോ ഇതിലേക്കായി മെമ്പർ സെക്രട്ടറി യഥാവിധി അധികാരപ്പെടുത്തിയിട്ടുള്ള കമ്മീഷനിലെ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ ഒപ്പു വയ്ക്കേണ്ടതാണ്.

## അദ്ധ്യായം III

## കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും

9. കമ്മീഷന്റെ ചുമതലകൾ.—കമ്മീഷന് താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്,—

(എ) കേരളത്തിലെ പട്ടികജാതികളുടേയും പട്ടികഗോത്രവർഗ്ഗങ്ങളുടേയും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി, ഇൻഡ്യൻ ഭരണഘടനയിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവിൻകീഴിലോ, വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധമായ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതി അന്വേഷിക്കുകയും പരിശോധിക്കുകയും ചെയ്യുക ;

(ബി) കേരളത്തിലെ പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും ഉള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതിനെപ്പറ്റി എടുത്തുപറയുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ഉചിതമായ അധികാര സ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക.

(സി) പട്ടികജാതികളുടെയും പട്ടികഗോത്ര വർഗ്ഗങ്ങളുടെയും സാമൂഹിക-സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും സംസ്ഥാനത്ത് അവരുടെ വികസനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുകയും ചെയ്യുക.

(ഡി) പട്ടികജാതികളുടെയും പട്ടികഗോത്ര വർഗ്ഗങ്ങളുടെയും സംരക്ഷണത്തിനും ക്ഷേമത്തിനും സാമൂഹിക-സാമ്പത്തിക പുരോഗതിക്കും ആവശ്യമായ സംരക്ഷണ വ്യവസ്ഥകളും മറ്റ് നടപടികളും ഫലവത്തായി നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളേണ്ടതായ നടപടികളെ സംബന്ധിച്ച് ശുപാർശകൾ നൽകുകയും, സർക്കാരിന്, വാർഷികമായോ കമ്മീഷൻ യുക്തമെന്ന് കരുതുന്നപ്രകാരമുള്ള മറ്റ് സമയത്തോ, റിപ്പോർട്ട് നൽകുകയും ചെയ്യുക ;

(ഇ) പട്ടികജാതികളുടെയും പട്ടികഗോത്ര വർഗ്ഗങ്ങളുടെയും സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട്, നിർണ്ണയിക്കപ്പെടുന്നപ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക ;

എന്നാൽ, ഈ വകുപ്പിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും കാര്യം ഇന്ത്യൻ ഭരണ ഘടനയുടെ 338-ാം അനുച്ഛേദത്തിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള, പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള ദേശീയ കമ്മീഷൻ കൈകാര്യം ചെയ്യുന്നു ണ്ടെങ്കിൽ, അങ്ങനെയുള്ള കാര്യത്തിൽ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള സംസ്ഥാന കമ്മീഷന് അധികാരികത ഇല്ലാതായിത്തീരുന്നതാണ്.

10. റിപ്പോർട്ട് വയ്ക്കൽ.—സംസ്ഥാന, സർക്കാർ, 9-ാം വകുപ്പ് (ഡി) ഖണ്ഡത്തിൽ പരാമർശിക്കുന്ന പ്രകാരമുള്ള റിപ്പോർട്ടുകൾ, അതിന്മേൽ എടുത്തതോ എടുക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും ശുപാർശകൾ സ്വീകരിക്കാതിരിക്കുവാനുള്ള കാരണങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അതും വിശദമാക്കിക്കൊണ്ട്, നിയമസഭ മുൻപാകെ വയ്പ്പിക്കേണ്ടതാണ്.

11. കമ്മീഷന്റെ അധികാരങ്ങൾ.—കമ്മീഷന്, 9-ാം വകുപ്പുപ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ, ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും, പ്രത്യേകിച്ചും താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ചും, ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സംസ്ഥാനത്തിന്റെ ഏത് ഭാഗത്തുനിന്നും ഏതൊരാളെയും വിളിച്ചു വരുത്തുകയും ഹാജരാകുന്നത് ഉറപ്പുവരുത്തുകയും സത്യപ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുകയും ചെയ്യുക ;

(ബി) ഏതെങ്കിലും രേഖ വെളിപ്പെടുത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുക ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക ;

(ഡി) ഏതെങ്കിലും കോടതിയിൽ നിന്നോ ആഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക ;

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി കമ്മീഷനുകളെ നിയോഗിക്കുക ;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതികൾ ;

## അദ്ധ്യായം IV

## ധനകാര്യവും കണക്കുകളും ആഡിറ്റും

12. സർക്കാരിൽ നിന്നുള്ള ഗ്രാന്റ്.—(1)സർക്കാർ, സംസ്ഥാന നിയമസഭയിൽ ഇതിലേക്കായി നിയമംമൂലം യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനായി, അത് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള തുക ഗ്രാന്റായി കമ്മീഷന് നൽകേണ്ടതാണ്.

(2) കമ്മീഷന്, ഈ ആക്റ്റിൻകീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് അത് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള തുക ഗ്രാന്റിൽ നിന്ന് ചെലവാക്കാവുന്നതും അപ്രകാരമുള്ള തുക (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽ നിന്ന് നൽകേണ്ടതായ ചെലവായി കരുതേണ്ടതുമാണ് ;

13. കണക്കുകളും ആഡിറ്റും.—(1) കമ്മീഷൻ, ശരിയായ കണക്കുകളും മറ്റ് പ്രസക്ത റിക്കാർഡുകളും വച്ചുപോരേണ്ടതും നിർണ്ണയിക്കുന്ന പ്രകാരമുള്ള ഫാറത്തിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റുമെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ കണക്കുകൾ, ഇതിലേക്കായി സർക്കാർ നിയമിക്കുന്നതായ ആഡിറ്റർ വർഷംതോറും ആഡിറ്റ് ചെയ്യേണ്ടതാണ്.

(3) ആഡിറ്റ് ചെയ്യുന്നതിന്റെ ആവശ്യത്തിലേയ്ക്കായി കമ്മീഷന്റെ എല്ലാ കണക്കുകളും മറ്റ് റെക്കാർഡുകളും ആഡിറ്റർക്ക് ലഭ്യമാക്കേണ്ടതാണ്.

14. ആഡിറ്റ് റിപ്പോർട്ട് നിയമസഭ മുൻപാകെ വയ്ക്കണമെന്ന്.—ആഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ, കഴിയുന്നത്ര വേഗം, സർക്കാർ അവ നിയമസഭ മുൻപാകെ വയ്പിക്കേണ്ടതാണ്.

## അദ്ധ്യായം V

## പലവക

15. കമ്മീഷന്റെ ചെയർപേഴ്സനും അംഗങ്ങളും ജീവനക്കാരും പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—കമ്മീഷന്റെ ചെയർപേഴ്സനും അംഗങ്ങളും ജീവനക്കാരും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സർവന്റുമാരായി കരുതപ്പെടുന്നതാണ്.

16. ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി പിൽക്കാല പ്രാബല്യത്തോടെയോ, മുൻകാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരങ്ങളുടെ സാമന്യതയ്ക്ക് ഭംഗം വരാതെയും, അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) 4-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സനും അംഗങ്ങൾക്കും, 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ആഫീസർമാർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും അവരുടെ സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും ;

(ബി) 9-ാം വകുപ്പ് (ഡി) ഖണ്ഡത്തിൻകീഴിൽ തയ്യാറാക്കേണ്ടതായ വാർഷിക റിപ്പോർട്ടിന്റെ ഫാറം ;

(സി) 13-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൻകീഴിൽ വച്ചുപോരേണ്ടതായ വാർഷിക കണക്ക് സ്റ്റേറ്റ്മെന്റിന്റെ ഫാറം ;

(ഡി) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതികൾ.

(3) ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന, ആകെ പതിന്നാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്

17. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം, അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ, വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

18. റദ്ദാക്കലും ഒഴിവാക്കലും.—(1) 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ഓർഡിനൻസ് (2007-ലെ 9) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ അഥവാ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള ദേശീയ കമ്മീഷന്റെ 2000-ാമാണ്ട് സെപ്റ്റംബർ മാസത്തിലെ കേരള സന്ദർശന വേളയിൽ ദേശീയ കമ്മീഷന്റെ മാതൃകയിൽ പട്ടികജാതി-പട്ടികഗോത്രവർഗ്ഗങ്ങൾക്കായി ഒരു സംസ്ഥാനതല കമ്മീഷൻ രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി. കൂടാതെ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ ഒ. പി. നം.12743/2001-ന്മേലുള്ള 25-9-2001-ൽ പുറപ്പെടുവിച്ച അതിന്റെ വിധിന്യായത്തിൽ കേരളത്തിൽ പട്ടികജാതികൾക്കും

പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള സംസ്ഥാന കമ്മീഷന്റെ രൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് സംസ്ഥാന സർക്കാർ ബോധിപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, സംസ്ഥാന സർക്കാർ, ദേശീയ കമ്മീഷന്റെ അധികാരങ്ങൾക്ക് വിരുദ്ധമല്ലാതെയും എന്നാൽ, സംസ്ഥാന സർക്കാരിന്റെ നിയമ നിർമ്മാണാധികാരം ഫലവത്തായി വിനിയോഗിച്ചുകൊണ്ടും ഈ ആവശ്യത്തിലേക്കായി 2002-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കർണ്ണാടക സംസ്ഥാന കമ്മീഷൻ ആക്റ്റിന്റെ മാതൃകയിൽ, ഒരു നിയമനിർമ്മാണം നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായി.

2. അതനുസരിച്ച് 2004-ലെ പട്ടികജാതികൾക്കും പട്ടികഗോത്രങ്ങൾക്കും വേണ്ടിയുള്ള സംസ്ഥാന കമ്മീഷൻ ബിൽ പതിനൊന്നാം കേരള നിയമസഭ 240-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തുകയുണ്ടായെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. എന്നാൽ പ്രസ്തുത നിയമനിർമ്മാണം അടിയന്തിരമായി നടത്തേണ്ടതുണ്ടെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലും സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും 2006 ജനുവരി 6-ാം തീയതി ഗവർണ്ണർ 2006-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ഓർഡിനൻസ് (2006-ലെ 5) പുറപ്പെടുവിക്കുകയും ആയത് 2006 ജനുവരി 6-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ 35-ാം നമ്പരായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2006 ഫെബ്രുവരി 3-ാം തീയതി ആരംഭിച്ച് 2006 ഫെബ്രുവരി 21 തീയതി അവസാനിച്ചതും 2006 മാർച്ച് 14-ാം തീയതി ആരംഭിച്ച് മാർച്ച് 15-ാം തീയതി അവസാനിച്ചതുമായ, കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനങ്ങളിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിയാഞ്ഞതിനാൽ 2006 മാർച്ച് 17-ാം തീയതി 2006-ലെ പട്ടികജാതികൾക്കും പട്ടികഗോത്രങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ഓർഡിനൻസ് (2006-ലെ 25) ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2007 മാർച്ച് 17-ാം തീയതിയിലെ 601-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2006-ലെ 25-ാം നമ്പർ ഓർഡിനൻസിനുപകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ, 2006 മേയ് 24-ാം തീയതി ആരംഭിച്ച് 2006 ജൂൺ 30-ാം തീയതി അവസാനിച്ച, സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല. ആയതിനാൽ 2006-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ഓർഡിനൻസ് (2006-ലെ 40) 2006 ജൂലൈ 5-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2006 ജൂലൈ 5-ാം തീയതിലെ 1134-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2006-ലെ 40-ാം നമ്പർ ഓർഡിനൻസിനുപകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ, 2006 സെപ്റ്റംബർ 18-ാം തീയതി ആരംഭിച്ച് 2006 ഒക്ടോബർ 26-ാം തീയതി അവസാനിച്ച, സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല. ആയതിനാൽ 2006-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള

കേരള സംസ്ഥാന കമ്മീഷൻ ഓർഡിനൻസ് (2006-ലെ 50) 2006 ഒക്ടോബർ 30-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2006 ഒക്ടോബർ 30-ാം തീയതിലെ 1714-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. 2006-ലെ 50-ാം നമ്പർ ഓർഡിനൻസിനുപകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ, 2006 ഡിസംബർ 27-ാം തീയതി ആരംഭിച്ച് 2006 ഡിസംബർ 29-ാം തീയതി അവസാനിച്ച, സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല. ആയതിനാൽ 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ഓർഡിനൻസ് (2007-ലെ 9) 2007 ഫെബ്രുവരി 4-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2007 ഫെബ്രുവരി 5-ാം തീയതിലെ 207-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ചെയർപേഴ്സനും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും നിർണ്ണയിക്കുന്ന പ്രകാരമായിരിക്കണമെന്ന് ബില്ലിലെ 4-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു. കമ്മീഷനുവേണ്ടി നിയമിച്ച ആഫീസർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും നിർണ്ണയിക്കുന്ന പ്രകാരമായിരിക്കണമെന്ന് ബില്ലിലെ 5-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു. 6-ാം ഖണ്ഡപ്രകാരം ചെയർപേഴ്സനും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും, 5-ാം ഖണ്ഡത്തിൽ പരാമർശിക്കുന്ന ആഫീസമാർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ, ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണനിർവ്വഹണച്ചെലവുകളും 12-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽ നിന്നും നൽകേണ്ടതാണ്. കമ്മീഷന്റെ കണക്കുകൾ സർക്കാർ ഇതിലേക്കായി നിയമിക്കുന്ന പ്രകാരമുള്ള ആഡിറ്റർ എല്ലാ വർഷവും ആഡിറ്റ് ചെയ്യണമെന്ന് ബില്ലിലെ 13-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

2. ഈ ബിൽ നിയമമാവുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ കമ്മീഷന് കാര്യക്ഷമമായി പ്രവർത്തിക്കാനാവശ്യമായേക്കാവുന്ന മേൽപ്പറഞ്ഞ ചെലവുകൾക്കുള്ള ഫണ്ട് സർക്കാർ നൽകേണ്ടതുണ്ട്. ആവർത്തകവും അനാവർത്തകവുമായ തരത്തിൽ, പ്രതീക്ഷിക്കുന്ന ഏറ്റവും കുറഞ്ഞ ചെലവ് താഴെപ്പറയും പ്രകാരമാണ് :

| | | | |
|---|---|---|---|
| ആവർത്തക ചെലവ് | : | 25,97,241 | രൂപ |
| അനാവർത്തക ചെലവ് | : | 10,24,000 | ,, |
| ആകെ | : | 36,21,241 | ,, |
| അതായത് | : | 37,00,000 | ,, |

3. മേൽപ്പറഞ്ഞ ചെലവിന് പുറമേ ചെയർപേഴ്സന്റെയും മൂന്നംഗങ്ങളുടെയും ശമ്പളവും ബത്തകളും കൂടി ആവർത്തക ചെലവിൻകീഴിൽ വരുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ചെയർപേഴ്സനും അംഗങ്ങൾക്കും കമ്മീഷനിലെ ആഫീസർമാർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 4-ാം ഖണ്ഡം (5)-ാം ഉപഖണ്ഡവും 5-ാം ഖണ്ഡം (2)-ാം ഉപഖണ്ഡവും കൊണ്ടുദ്ദേശിക്കുന്നു.

2. കമ്മീഷന് സിവിൽ കോടതിയുടെ അധികാരമുണ്ടായിരിക്കേണ്ട മറ്റേതെങ്കിലും സംഗതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 11-ാം ഖണ്ഡം (എഫ്) ഇനം കൊണ്ടുദ്ദേശിക്കുന്നു.

3. സർക്കാർ വാർഷിക കണക്കിന്റെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടത് ഏത് ഫാറത്തിൽ ആയിരിക്കണം എന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 13-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

4. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 16-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ നേരിടുന്ന ഏതെങ്കിലും വൈഷമ്യം നീക്കം ചെയ്യുന്ന ആവശ്യത്തിലേക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 17-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

6. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നത്, അവ നടപടിക്രമങ്ങളെയോ വിശദാംശങ്ങളെയോ സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങളും ഉത്തരവുകളും നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. എല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എ. കെ. ബാലൻ